# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2862

06.11.2019-ലെ മറുപടി

## കുറത്തികാട് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാജേഷ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിലെ കുറത്തികാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായ കുറത്തികാട് കുടിവെള്ള പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, പമ്പിങ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ കമ്മീഷൻ ചെയ്ത് ഈ ഘടകങ്ങൾ പൊതുവായി വരുന്ന മറ്റൊരു പദ്ധതിയായ മാന്നാർ-ചെന്നിത്തല കുടിവെള്ള പദ്ധതിക്ക് ജലവിതരണം നടത്തി വരുന്നു. മാവേലിക്കര കല്ലുമല റെയിൽവേ മേൽപ്പാലത്തിന്റെ നടപ്പാതയിലെ ഡക്റ്റിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അനുമതിക്കായി റെയിൽവേയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആയത് റെയിൽവേ നിരസിക്കുകയുണ്ടായി. തുടർന്ന് കല്ലുമല റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി പൈപ്പ് സ്ഥാപിച്ച് റെയിൽവേ ലൈൻ ക്രോസ്സ് ചെയ്യുന്നതിലേക്ക് പാലം നിർമ്മിക്കുന്നതിനുള്ള ഡിസൈനും അനുബന്ധ രേഖകളും റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയിൽ നിന്നും അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരണത്തിനാവശ്യമായ റെയിൽവേ മേൽപ്പാലം, ഇലക്ട്രിക്കൽ സബ്ബ് സ്റ്റേഷൻ, ക്ലിയർ |
| (ബി) | പ്രസ്തുത പ്രവൃത്തി 2020 ജനുവരിയിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ? | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | വാട്ടർ പമ്പിങ് മെയിനിലെ ഗ്യാപ്പ് വർക്കുകൾ. കുറത്തികാട് ടാങ്കിന്റെ വെർട്ടിക്കൽ കണക്ഷൻ. ഡിസ്ട്രിബ്യൂഷൻ പൈപ്പുകളുടെ ഇന്റർകണക്ഷൻ തുടങ്ങിയവയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**